പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *120

10 .08.2017-ൽ മറുപടിയ്ക്ക്

## വില്ലേജ്,താലൂക്ക് ഓഫീസുകൾ ജനസൗഹൃദമാക്കാൻ നടപടി

**ചോദ്യം**

ശ്രീ.ജെയിംസ് മാത്യു
„ സി.കെ. ഹരീന്ദ്രൻ
„ കാരാട്ട് റസാഖ്
„ എം. നൗഷാദ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) സാധാരണ ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വില്ലേജ്, താലൂക്ക് ഓഫീസുകൾ ജനസൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. താലൂക്കാഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനവും പൊതുജനങ്ങൾക്കുള്ള വിശ്രമ കേന്ദ്രവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, റവന്യൂ വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഐ. എൽ. ഡി. എം മുഖേന ജനസൗഹൃദ റവന്യൂ ഓഫീസുകൾ എന്ന പരിശീലന പരിപാടി ജനങ്ങളുമായി ബന്ധപ്പെടുന്ന റവന്യൂ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസുകൾ അഴിമതിമുക്തമാക്കാൻ എന്തെല്ലാം കർശന നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന നിയമവിരുദ്ധ പ്രവൃത്തികൾ തടയുന്നതിനും സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും, എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ

കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെഷക്ൻ & വിജിലൻസ് എന്ന നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു കൂടാതെ, വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു വരുന്നു. ബഹു. റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ 123/എൻ/എം/റവ/17 നമ്പർ കുറിപ്പിന്റെയും 1350769/ജി.3/2017/റവ. നമ്പർ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുവാനും പിരീയോഡിക്കൽ പരിശോധന നടത്തുവാനും ആവശ്യമെങ്കിൽ താലൂക്ക് തലത്തിൽ തന്നെ അഴിമതി വിമുക്ത സ്ക്വാഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിട്ടുണ്ട്. കൂടാതെ, ഏതെങ്കിലും ഉദ്യോഗസ്ഥർ കൈകൂലി/പാരിതോഷികം ആവശ്യപ്പെടുന്ന പക്ഷം ആ വിവരം അറിയിക്കുന്നുതിന് വില്ലേജ് ഓഫീസുകളിൽ ജില്ലാ കളക്ടറേറ്റിന്റെയും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെയും, സെക്രട്ടറിയേറ്റിന്റെയും മന്ത്രി ഓഫീസിന്റെയും നമ്പരുകൾ മുൻഗണനാക്രമത്തിൽ നൽകിയും പ്രസ്തുത നമ്പരുകളിൽ ബന്ധപ്പെടുന്നതിനുള്ള നിർദ്ദേശം റവന്യൂ ഓഫീസുകളിൽ പരസ്യപ്പെടുത്തുന്നതിനായി എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിൽ നിന്നും ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി ലഭിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി ഓൺലൈനായി നൽകി വരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) ജാതി, വരുമാന, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ഡി) 23/09/2008-ലെ ജി. ഒ. (കൈ) 318/08/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക ആവശ്യത്തിനു വേണ്ടിയാണ് ജാതി സർട്ടിഫിക്കറ്റുകൾ നൽകി വന്നിരുന്നത്. 04/08/2017-ലെ ജി. ഒ. (കൈ) 264/17/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകളുടെ സാധുത കാലയളവ് നിലവിൽ മൂന്ന് വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുത കാലയളവ് നിലവിൽ ആജീവനാന്തമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ സാധുത കാലയളവ് നിലവിൽ ഒരു വർഷമാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## റവന്യൂ വകുപ്പിൽ നിന്ന് ഓൺലൈൻ മുഖാന്തിരം നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുളള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലോക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

BN

സെക്ഷൻ ഓഫീസർ